(ബി) മരണമടഞ്ഞവരിൽ സർക്കാർ ആശുപത്രികളിൽ മരിച്ചവർ എത്രയെന്നും അല്ലാത്തവർ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ചികിത്സ ലഭിക്കാതെ വീടുകളിൽ മരിച്ചവർ എത്രയെന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈറൽ പനി, ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ 1, ചിക്കൻഗുനിയ, ജപ്പാൻജ്വരം, ടൈഫോയ്ഡ്, മലമ്പനി, ഹെപ്പറ്റൈറ്റീസ്-എ എന്നീ പകർച്ച വ്യാധികൾമൂലം 90 പേർ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മരണമടഞ്ഞവരിൽ സർക്കാർ ആശുപത്രികളിൽ മരിച്ചവർ എത്രയെന്നും അല്ലാത്തവർ എത്രയെന്നും കണക്ക് ലഭ്യമല്ല.

(സി) വീടുകളിൽ 4 പേർ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിലെ ടോമാകെയർ സംവിധാനം

79 (786) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്കാശുപത്രിയുടെ സ്റ്റാറ്റസ്) ബഹു. മന്ത്രി പ്രഖ്യാപിച്ച ടോമാകെയർ എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന വ്യക്തമാക്കാമോ ;

(ബി) എന്തൊക്കെ സംവിധാനങ്ങളാണ് ടോമാകെയർ സ്ഥാപിക്കുന്നതോടൊപ്പം ഉണ്ടാകുന്നത് ; ഇതിന്റെ ചുമതല ആർക്കാണ് ; എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് വ്യക്തമാക്കാമോ ;

(സി) മുനിസിപ്പൽ ആശുപത്രിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഒ.പി. ബ്ലോക്ക് കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്കാശുപത്രിയുടെ സ്റ്റാറ്റസ്) ടോമാ കെയർ അനുവദിക്കുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജി.ഒ.(എംഎസ്.) നമ്പർ 405/13/ആകവ തീയതി 4-10-2013 എന്ന ഉത്തരവ് പ്രകാരം 26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടോമാകെയർ ഉടനുന്നതിനാവശ്യമായ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 35.51 ലക്ഷം രൂപ സർക്കാർ അനുവദിച്ച് ഉത്തരവാകുകയും ടി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി വിതരണം ചെയ്യുവരുകയും ചെയ്യുന്നു. ടോമാ കെയറിന്റെ ചുമതല ആശുപത്രി സൂപ്രണ്ടിനായിരിക്കും.

(സി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സമർപ്പിച്ച എസ്റ്റിമേറ്റ് ടി ആശുപത്രി സൂപ്രണ്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത കത്തിൽ ഒ.പി. ബ്ലോക്ക് നിർമ്മിക്കുമ്പോൾ സെൻട്രലൈസ്ഡ് ഓക്സിജൻ സപ്ലൈയും കൂട്ടിരിപ്പുകാർക്ക് വേണ്ട ടോയ്ലറ്റ് സൗകര്യങ്ങളും കൂടി ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ഡിസൈൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തിരിച്ചയച്ചിട്ടുണ്ട്. ആയത് ഇതുവരെ തിരികെ ലഭ്യമായിട്ടില്ല. ഇതിനായി പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) ഡിവിഷനെ സമീപിക്കുന്നതാണ്.

സർക്കാർ സർവ്വീസിലെ ഡോക്ടർമാർ

80 (787) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലുള്ള ആകെ അലോപ്പതി, ഹോമിയോ, ആയുർവ്വേദ, ദന്തൽ, നേത്ര തുടങ്ങി മറ്റ് അംഗീകൃത വിഭാഗം ഡോക്ടർമാർ എത്ര വീതം ഓരോ വിഭാഗത്തിലുമുണ്ട് ; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) സർക്കാർ സർവ്വീസിൽ ഓരോ വിഭാഗത്തിലും എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഓരോ വിഭാഗത്തിലും എത്ര പേരാണ് അവധിയിലും അവധി വാങ്ങാതെയും മറ്റ് സംസ്ഥാനങ്ങളിലും, വിദേശത്തും പ്രവർത്തിച്ചു വരുന്നതെന്നു വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് എല്ലാ വിഭാഗത്തിലും വേണ്ടത്ര ഡോക്ടർമാർ ഇല്ലാതിരിക്കെ, മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും പോയിട്ടുള്ള ഡോക്ടർമാരെ തിരിച്ച് വിളിച്ച് ജനങ്ങൾക്കും സർക്കാരിനും ഇവരുടെ സേവനം ലഭ്യമാക്കുവാൻ ആവശ്യമായ നപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly